**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 437** **23-07-2021 - ൽ മറുപടിയ്ക്ക്**

**പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായ കണ്ടൽക്കാടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനനിയമപ്രകാരം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്തിട്ടുള്ള കണ്ടൽക്കാടുകളുടെ വിസ്തീർണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (എ) | പാരിസ്ഥിതികവും, ജൈവവൈവിധ്യപരവുമായ പ്രാധാന്യമർഹിക്കുന്ന കണ്ടൽക്കാടുകൾ വന നിയമ പ്രകാരം റിസർവ്വ് വനമായി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ 94.77 ഹെക്ടറും, എറണാകുളം ജില്ലയിൽ 65.83 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും, കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും (ആകെ 184.2 ഹെക്ടർ) കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 4 പ്രകാരം “പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കാസർകോട് ജില്ലയിൽ 54.6952 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ്വ് വനമായി വിജ്ഞാപനം ചെയ്ത് സംരക്ഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ